"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദ സഞ്ചാര വകുപ്പ് - വകുപ്പ്തല വർക്കിങ് ഗ്രൂപ് - ഇക്കോട്ടൂറിസം - 'തെന്മലയിലെ പരിസ്ഥിതി, സാമൂഹിക, സാമ്പത്തിക ആഘാത പഠനം' - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.330/2024/TSM തീയതി, തിരുവനന്തപുരം, 08-07-2024

---

പരാമർശം: 1. 07.09.2007-ലെ സ. ഉ. (അ) 408/2007/ധന.

2. 30.07.2014-ലെ സ. ഉ. (അ) 311/2014/ധന.

3. 08.01.2015-ലെ സ. ഉ. (അ) 11/2015/ധന.

4. 11.06.2018-ലെ സ. ഉ. (അ) 88/2018/ധന.

5. 03.08.2018-ലെ സ. ഉ. (അ) 118/2018/ധന.

6. 30.05.2019-ലെ സ. ഉ. (കൈ) 3/2019/ടൂറിസം

7. 28.04.2021-ലെ സ. ഉ. (അ) 67/2021/ധന.

8. വിനോദ സഞ്ചാര ഡയറക്ടറുടെ 12.06.2024-ലെ ഡിഒടി/2001/2024 - പി5 നമ്പർ കത്ത്.

9. 27.06.2024-ലെ വകുപ്പ്തല വർക്കിങ് ഗ്രൂപ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കൊല്ലം ജില്ലയിൽ പശ്ചിമഘട്ട മലനിരകളുടെ അടിവാരത്തിൽ സ്ഥിതി ചെയ്യുന്ന തെന്മല, രാജ്യത്തെ ആദ്യത്തെ ആസൂത്രിത ഇക്കോട്ടൂറിസം കേന്ദ്രമാണ്. വിനോദ സഞ്ചാരികൾക്കായി ഉല്ലാസ മേഖല, സാംസ്കാരിക മേഖല, സാഹസിക മേഖല, ശലഭോദ്യാനം, മാൻ പുനഃരധിവാസ കേന്ദ്രം, വന്യജീവി സങ്കേതത്തിലെ ജലാശയത്തിൽ ബോട്ടിങ് തുടങ്ങിയവയാണു വിനോദ സഞ്ചാര വകുപ്പിന്റെ സഹായത്തോടെ, കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതലയുള്ള തെന്മല ഇക്കോട്ടൂറിസം പ്രമോഷൻ സൊസൈറ്റി (TEPS) സജ്ജീകരിച്ചിരിക്കുന്നത്.

2. തെന്മലയിൽ വിനോദ സഞ്ചാരം സൃഷ്ടിച്ച സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക ആഘാതത്തെക്കുറിച്ചും ഈ കേന്ദ്രത്തിന്റെ വാഹക ശേഷി (carrying capacity) സംബന്ധിച്ചും പഠനം നടത്താനായി ഒരു ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രൊപ്പോസൽ, പരാമർശത്തിലെ കത്തിനൊപ്പം വിനോദ സഞ്ചാര ഡയറക്ടർ സമർപ്പിച്ചിരുന്നു. ഇക്കോട്ടൂറിസം ഡയറക്ടറുടെ ഓഫീസ് മുഖേന നടപ്പാക്കുന്ന പദ്ധതി ഒൻപതു മാസത്തിനകം പൂർത്തിയാക്കാനാവുമെന്നും പദ്ധതിക്കുള്ള ചെലവ് '3452 — 01 — 102 — 95 — പരിസ്ഥിതി ടൂറിസം ഉൽപന്നങ്ങളുടെ വികസനം - പി (വി)' എന്ന ശീർഷകത്തിൽ വകയിരുത്താമെന്നും വിനോദ സഞ്ചാര ഡയറക്ടർ അറിയിച്ചിരുന്നു.

3. 27.06.2024ൽ ചേർന്ന വകുപ്പ്തല വർക്കിങ് ഗ്രൂപ് യോഗം ഈ നിർദേശം വിശദമായി പരിശോധിക്കുകയും ₹. 1,00,000/- ചെലവ് പ്രതീക്ഷിക്കുന്ന 'തെന്മലയിലെ പരിസ്ഥിതി, സാമൂഹിക, സാമ്പത്തിക ആഘാത പഠനം' എന്ന പദ്ധതി അംഗീകരിക്കുകയും ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തെന്മലയിൽ വിനോദ സഞ്ചാരം സൃഷ്ടിച്ച

സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക ആഘാതത്തെക്കുറിച്ചും വിനോദ സഞ്ചാര കേന്ദ്രത്തിന്റെ വാഹക ശേഷിയെക്കുറിച്ചും പഠിക്കാൻ ലക്ഷ്യമിടുന്ന, 'തെന്മലയിലെ പരിസ്ഥിതി, സാമൂഹിക, സാമ്പത്തിക ആഘാത പഠനം' എന്ന പദ്ധതിക്ക് കൺസൽറ്റൻസി ഫീസും നികുതി ബാധ്യതയുമടക്കം '3452 — 01 — 102 — 95 — പരിസ്ഥിതി ടൂറിസം ഉൽപന്നങ്ങളുടെ വികസനം - പി (വി)' എന്ന ശീർഷകത്തിൽ നിന്ന് 1,00,000/- (ഒരു ലക്ഷം) രൂപയുടെ ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു,

5. പരാമർശത്തിലെ സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിട്ടുള്ള നിർദേശങ്ങളും വ്യവസ്ഥകളും നടപടിക്രമങ്ങളും കർശനമായി പാലിച്ച് വിനോദ സഞ്ചാര വകുപ്പ് നടപ്പാക്കുന്ന പദ്ധതി ഒൻപത് മാസത്തിനകം പൂർത്തിയാവുന്നെന്നും പദ്ധതിയുടെ നടപ്പ് സാമ്പത്തിക വർഷത്തെ ചെലവ് '3452 — 01 — 102 — 95 — പരിസ്ഥിതി ടൂറിസം ഉൽപന്നങ്ങളുടെ വികസനം - പി (വി)'എന്ന ശീർഷകത്തിൽ അനുവദിച്ച ബജറ്റ് വിഹിതത്തെ അധികരിക്കുന്നില്ലെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡി.ജഗദീഷ്**

അഡിഷണൽ സെക്രട്ടറി

പകർപ്പ്:

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം - 695 033

ഡയറക്ടർ (ഇക്കോടൂറിസം), ഇക്കോടൂറിസം ഡയറക്ടറുടെ ഓഫീസ്, ടി. സി. 26/849 (1), സർവകലാശാല വനിതാ ഹോസ്റ്റൽ ജംഗ്ഷൻ, വഴുതയ്ക്കാട്, തിരുവനന്തപുരം - 695 014

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം - 695 001

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ് II) കേരളം, തിരുവനന്തപുരം - 695 001

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം - 695 010

ധനകാര്യ വകുപ്പ്

ആസൂത്രണ, സാമ്പത്തികകാര്യ വകുപ്പ്

വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഓഫീസ് കോപ്പി/കരുതൽ ഫയൽ (നമ്പർ: ഇ 2847163/ടൂർ - എ3/205/2024 - ടൂർ)

ഉത്തരവിൻ പ്രകാരം

Signed by

Reena P P

Date: 09-07-2024 10:40:37

സെക്ഷൻ ഓഫീസർ

പകർപ്പ്:

വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി. എയ്ക്ക്

വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി. എയ്ക്ക്